ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

117 (900)ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദനരംഗത്ത് പുതിയ എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്;

(സി) ഓരോ പദ്ധതിയുടെയും ഉൽപ്പാദനക്ഷമതയും അതിനു പ്രതീക്ഷിക്കുന്ന ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) 1999-ൽ ഏതെല്ലാം പദ്ധതികൾ ഉൽപ്പാദനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) പവർ സർവേ പ്രകാരം രണ്ടായിരാമാണ്ടോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ജി) ലക്ഷ്യമിട്ടിട്ടുള്ള വൈദ്യുതി ഉൽപ്പാദനം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.
2. പുതിയ ജലവൈദ്യുത പദ്ധതികളും താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കുക.
3. പഴക്കമുള്ള ജലവൈദ്യുത പദ്ധതികൾ നവീകരിക്കുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
4. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
5. ഊർജ്ജ സംരക്ഷണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. കുറ്റമറ്റ പ്രസരണവിതരണ ശൃംഖല സ്ഥാപിക്കുക.
7. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ സ്ഥാപിക്കുക.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദന രംഗത്ത് താഴെപ്പറയുന്ന പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

1. കോഴിക്കോട് താപനിലയം
2. കുറ്റ്യാടി എക്സ്റ്റൻഷൻ
3. ബി.എസ്.ഇ.എസ്. കൊച്ചി താപനിലയം (സ്വകാര്യ മേഖല)
4. ഡി.സി. പവർ ലിമിറ്റഡ്, കാസർഗോഡ് താപനിലം (സ്വകാര്യ മേഖല)
5. കായംകുളം (എൻ.ടി.പി.സി.)

കൂടാതെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി, ജില്ലാ പഞ്ചായത്തുകൾ മുഖേന നാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ, ചൈനയുടെ സാങ്കേതിക സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി എന്നിവയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വിശദവിവരം താഴെ ചേർക്കുന്നു.

1.	കോഴിക്കോട് ഡീസൽ താപനിലയം-		128 എം.ഡബ്ല്യൂ 391.11 കോടി രൂപ
2.	കുറ്റ്യാടി എക്സ്റ്റൻഷൻ	-	50 മെഗാവാട്ട് 220.5 കോടി രൂപ
3.	ബി.എസ്.ഇ.എസ്., കൊച്ചി	-	165.6 മെഗാവാട്ട് 421 കോടി രൂപ
4.	ഡി.സി. പവർ ലിമിറ്റഡ്	-	107 മെഗാവാട്ട് 342 കോടി രൂപ

പ്രാരംഭ പ്രവർത്തനങ്ങൾ ആരഭിച്ചിട്ടുള്ള അതിരിപ്പിള്ളി, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവയുടെ കൃത്യമായ അടങ്കൽ തുക തയ്യാറാക്കിയിട്ടില്ല. എൻ.ടി.പി.സി. കായംകുളം നിലയത്തിന് പ്രതീക്ഷിക്കുന്ന ചെലവും ലഭ്യമല്ല.

(ഡി) ഇവയെല്ലാം നിർമ്മാണം നടന്നുവരുന്ന പദ്ധതികളാണ്. ഒന്നും പൂർത്തിയായിട്ടില്ല.

(ഇ) കോഴിക്കോട് ഡീസൽ താപനിലയം (128 മെഗാവാട്ട്), ബി.എസ്.ഇ.എസ്. കൊച്ചി (165 മെഗാവാട്ട്) എന്നീ പദ്ധതികൾ 1999-ൽ ഉൽപ്പാദനം ആരംഭിക്കും. കൂടാതെ പണി മുടങ്ങിക്കിടന്നിരുന്ന കക്കാട് (50 മെഗാവാട്ട്) ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാർ ത്വരിതപ്പെടുത്തിയതിന്റെ ഫലമായി 1999-ൽ തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. മലമ്പുഴ (2.5 മെഗാവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതിയും 1999-ൽ കമ്മിഷൻ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 15-ാം പവർ സർവേ പ്രകാരം രണ്ടായിരാമാണ്ടോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത 2763 മെഗാവാട്ട് ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) ലക്ഷ്യമിട്ടിട്ടുള്ള വൈദ്യുതി ഉൽപ്പാദനം 2551 മെഗാവാട്ട് ആണ്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതികൂടി ചേർത്താൽ രണ്ടായിരാമാണ്ടോടെ സംസ്ഥാനത്ത് വൈദ്യുതി മിച്ചം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി സ്വയംപര്യാപ്തത

118 (901)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ചൈനീസ് സാങ്കേതിക വിദ്യയുപയോഗിച്ചുള്ള മിനി ഹൈഡൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലെത്തിക്കുവാൻ ബോർഡ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

2. പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കുക.

3. പഴക്കംചെന്ന പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം, ശേഷി വർദ്ധിക്കൽ എന്നിവ നടപ്പിലാക്കുക.

4. ക്യാപ്റ്റീവ് പദ്ധതികൾ അനുവദിക്കുക.

5. ഡിമാന്റ്സൈഡ് മാനേജ്മെന്റ് നടപ്പിലാക്കുക.

6. കുറ്റമറ്റ പ്രസരണ വിതരണ ശൃംഖല, തീവ്രമായ ഊർജ്ജ സംരക്ഷണ നടപടികൾ എന്നിവ പ്രാവർത്തികമാക്കുക.

(ബി) ചൈനീസ് സാങ്കേതിക സഹായത്തോടെ 18 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കരാർ ഒപ്പ് വച്ചിട്ടുണ്ട്. ഇതിൽ നാലു പദ്ധതികൾ പൈലറ്റ് പ്രോജക്ടായി ഈ വർഷം തന്നെ പണി തുടങ്ങാൻ കഴിയും. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly